# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ:- ശ്രീ. എസ്. ഹരികിഷോർ ഐഎഎസ്)

വിഷയം: കുടുംബശ്രീ - എൻയുഎൽഎം - എസ്ഇപി- വ്യക്തിഗത /ഗ്രൂപ്പ് സംരംഭങ്ങൾക്ക് പലിശ സബ്സിഡി തുക അനുവദിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം: 13/08/2018-ലെ അലഹബാദ് ബാങ്ക് പോർട്ടലിൽ നഗരസഭകൾ അംഗീകരിച്ച പലിശ സബ്സിഡി ക്ലെയിം

***NULM 010 ഉത്തരവ് നമ്പർ 9153/F/2015/KSHO(1) തീയതി 04...09..2018***

ദേശീയ നഗര ഉപജീവന മിഷന്റെ സ്വയംതൊഴിൽ ഘടക പദ്ധതി പ്രകാരം നഗര ദരിദ്രർക്ക് സംരംഭകത്വ വികസന പരിശീലനവും, വൈദഗ്ദ്ധ്യ പരിശീലനവും നൽകി സ്വയം തൊഴിൽ ആരംഭിക്കുന്നതിന് പ്രാപ്തമാക്കുകയെന്നത് എൻയുഎൽഎം പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. ഇവർക്ക് താങ്ങാവുന്ന നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനായി സംരംഭങ്ങളുടെ ബാങ്ക് വായ്പകളുടെ പലിശ, സബ്സിഡി ആയി ദേശീയനഗര ഉപജീവന മിഷൻ നൽകുന്നതാണ്. നഗരങ്ങളിലെ സ്വയംസഹായ സംഘങ്ങൾ/അയൽക്കൂട്ടങ്ങൾ കൈപ്പറ്റുന്ന എല്ലാ ബാങ്ക് വായ്പകൾക്കും പലിശ സബ്സിഡി ബാധകമാണ്. ബാങ്കുകളിൽ അതത് കാലത്ത് നിലവിലുള്ള വാർഷിക പലിശ നിരക്കും 7% വാർഷിക നിരക്കും തമ്മിലുള്ള വ്യത്യാസമാണ് സബ്സിഡിയായി നൽകുക.

സംരംഭകർക്ക് വായ്പ/പലിശ സബ്സിഡി വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ബാങ്കുകൾ പ്രതിമാസം അലഹബാദ് ബാങ്ക് പോർട്ടലിൽ അപ് ലോഡ് ചെയ്യുകയും ബാങ്കുകൾ അപ് ലോഡ് ചെയ്യുന്ന വിവരങ്ങൾ, സ്വയംതൊഴിൽ സംരംഭം, മുദ്ര ലോൺ എന്നിവ വഴി ആരംഭിച്ചിട്ടുള്ള സംരംഭങ്ങളാണോ എന്നത് സംബന്ധിച്ചും, ലോൺ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലയളവ് എന്നിവയും ടി സംരംഭകർ കൃത്യമായി തിരിച്ചടവ് നടത്തുന്നുവെന്നുള്ളതും നഗരസഭ പരിശോധിച്ച് അംഗീകരിക്കുന്ന മുറയ്ക്ക് സംസ്ഥാന മിഷനിൽ നിന്നും തുക അനുവദിക്കുന്നതാണ്. ക്ലെയിം അംഗീകരിക്കുന്ന മുറയ്ക്ക് ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് സബ്സിഡി തുക നേരിട്ട് കൈമാറുകയും വിവരം ഗുണഭോക്താവിന് അലഹബാദ് ബാങ്കിൽ നിന്നും എസ്എംഎസ് ലഭ്യമാകുകയും ചെയ്യും.

ഇപ്രകാരം വ്യക്തിഗത / ഗ്രൂപ്പ് സംരംഭകർക്ക് പലിശ സബ്സിഡി അനുവദിച്ച് കിട്ടുന്നതിലേയ്ക്കായി നഗരസഭകൾ അലഹബാദ് ബാങ്ക് പോർട്ടലിൽ അംഗീകരിച്ച പലിശ സബ്സിഡി തുക സംസ്ഥാന മിഷനിൽ നിന്നും അനുവദിച്ച് നൽകിയത് സാധൂകരിച്ച് ഉത്തരവാകുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നഗരസഭ | തുക അനുവദിക്കുന്ന സംരംഭങ്ങളുടെ എണ്ണം | അനുവദിക്കുന്ന തുക (രൂപ) |
|---|---|---|---|
| 1. | കൊട്ടാരക്കര | ഒരു വ്യക്തിഗത സംരംഭം | 357.39 |
| 2. | കോഴിക്കോട് | 5 വ്യക്തിഗത സംരംഭം | 1413.4 |
| 3. | മാനന്തവാടി | 4 വ്യക്തിഗത സംരംഭം | 178.96 |
| 4. | മഞ്ചേരി | 4 വ്യക്തിഗത സംരംഭം | 1360.79 |
| 5. | മരട് | 3 വ്യക്തിഗത സംരംഭം | 805.72 |
| 6. | മുക്കം | 6 വ്യക്തിഗത സംരംഭം | 3385.23 |
| 7. | മൂവാറ്റുപുഴ | 4 വ്യക്തിഗത സംരംഭം | 695.54 |

| | | | |
|---|---|---|---|
| 8. | നീലേശ്വരം | 4 ഗ്രൂപ്പ് സംരംഭം | 8827.56 |
| 9. | നെയ്യാറ്റിൻകര | 6 വ്യക്തിഗത സംരംഭം | 1257.24 |
| 10. | ഒറ്റപ്പാലം | 6 ഗ്രൂപ്പ് സംരംഭം | 4476.67 |
| 11. | പാലക്കാട് | 3 വ്യക്തിഗത സംരംഭം | 1576.75 |
| 12. | പെരുമ്പാവൂർ | 48 വ്യക്തിഗത സംരംഭം | 14477.55 |
| 13. | അങ്കമാലി | 3 വ്യക്തിഗത സംരംഭം | 2280.08 |
| 14. | ചാവക്കാട് | 14 വ്യക്തിഗത സംരംഭം | 5560.76 |
| 15. | ചെങ്ങന്നൂർ | 3 വ്യക്തിഗത സംരംഭം | 78.79 |
| 16. | ഏറ്റുമാനൂർ | 6 വ്യക്തിഗത സംരംഭം | 1986.08 |
| 17. | ഇരങ്ങാലക്കുട | 6 വ്യക്തിഗത സംരംഭം | 2267.03 |
| 18. | കളമശ്ശേരി | 6 വ്യക്തിഗത സംരംഭം | 411.4 |
| 19. | കല്പ്പറ്റ | ഒരു വ്യക്തിഗത സംരംഭം | 246 |
| 20. | കണ്ണൂർ | 4 വ്യക്തിഗത സംരംഭം | 1612.34 |
| 21. | കൊച്ചി | 37 വ്യക്തിഗത സംരംഭം | 9900.34 |
| 22. | കൂത്താട്ടുകുളം | 4 വ്യക്തിഗത സംരംഭം | 1439.28 |
| 23. | | 3 വ്യക്തിഗത സംരംഭം | 1427.1 |
| 24. | ഷൊർണ്ണൂർ | 2വ്യക്തിഗത സംരംഭം | 957.27 |
| 25. | | 4 ഗ്രൂപ്പ് സംരംഭം | 2271.68 |
| 26. | സുൽത്താബത്തേരി | 4 വ്യക്തിഗത സംരംഭം | 1315.38 |
| 27. | തിരുവല്ല | 11 വ്യക്തിഗത സംരംഭം | 1548.71 |
| 28. | തൊടുപുഴ | 85 വ്യക്തിഗത സംരംഭം | 19791.86 |
| 29. | തൃശൂർ | 17 വ്യക്തിഗത സംരംഭം | 6107.05 |
| 30. | തൃപ്പൂണിത്തുറ | 6 വ്യക്തിഗത സംരംഭം | 1343.66 |
| **ആകെ** | | | **99357.61** |

ഈ ചെലവ് എൻ.യു.എൽ.എം. ശീർഷകത്തിൽ സ്വയംതൊഴിൽ സംരംഭം - Interest Subsidy to Micro Enterprises (3.1/3.2) എന്ന ഉപശീർഷകത്തിൽ വകയിരുത്തേണ്ടതാണ്.

**(ഒപ്പ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

1. അക്കൗണ്ട്സ് സെക്ഷൻ - അറിവിലേയ്ക്കായി
2. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർ
3. ബന്ധപ്പെട്ട ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർ

പകർപ്പ്

1. ബന്ധപ്പെട്ട സിറ്റി പ്രോജക്ട് ഓഫീസർമാർ
2. ബന്ധപ്പെട്ട സിറ്റി മിഷൻ മാനേജർമാർ
3. കരുതൽ/അധികം

ഉത്തരവിൻപ്രകാരം,

അക്കൗണ്ട്സ് ഓഫീസർ